13641
3/9/16

**കേരള സർക്കാർ**

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ. (കൈ)നം.63/16/പൊ.മ.വ                    തീയതി, തിരുവനന്തപുരം 03.09.2016

=====================================================================

പരാമർശം:- ചീഫ് എഞ്ചിനീയറുടെ (Design & Administration) 02.09.2013-ലെ CE/Admn/PLA.Gen/2012 നം.കത്ത്.

**<u>ഉത്തരവ്</u>**

പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുവാദമോ കൂടാതെ റോഡുകളും പാതകളും കൈയ്യേറുകയും കേടുപാടുകൾ ഉണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതായും ഇതുമൂലം കാൽനടയാത്രക്കും, വാഹനഗതാഗതത്തിനും വളരെയേറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടു. മരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മറ്റു വകുപ്പുകളും, ഏജൻസികളും റോഡുകളുടെ ഉപരിതലത്തിന് കേടുപാടുകൾ വരുത്തുക, പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുക, ഇപ്രകാരം കുഴിച്ച റോഡുകൾ ശരിയായ രീതിയിൽ പുനർ നിർമ്മിക്കാതിരിക്കുക, റോഡുകൾ കൈയ്യേറുക, രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും അംഗീകാരമില്ലാതെ പരസ്യബോർഡുകളും, ഫ്ലക്സുകളും മറ്റും സ്ഥാപിക്കുക, റോഡിലേക്ക് മലിനജലം ഒഴുക്കി വിടുക, റോഡിലെ വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം സൃഷ്ടിക്കുക, നിർമ്മാണ സാമഗ്രികൾ റോഡുകളിൽ സ്റ്റോക്ക് ചെയ്യുക മുതലായ പ്രവൃത്തികളിലൂടെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള സുരക്ഷിതമായ ഗതാഗതത്തിനും തടസ്സം സൃഷ്ടിച്ചും, നടപ്പാതകൾക്ക് നാശനഷ്ടം വരുത്തിയും നടപ്പാതയിലെ സുഗമമായ കാൽനടയാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതായും കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റോഡുകൾക്കും നടപ്പാതകൾക്കും നാശനഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരും, പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ എടുക്കുന്ന കേസുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ജില്ലാ കളക്ടർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രതിമാസ അവലോകനം നടത്തേണ്ടതും അവലോകനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് യഥാസമയം ലഭ്യമാക്കേണ്ടതും ഇത്തരത്തിൽ എടുക്കുന്ന നടപടികളെ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്.

നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

മേൽസാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**സുബ്രതാ ബിശ്വാസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (NH/R&B/Admn), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം

കമ്മീഷണർ, ഗതാഗതവകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ്/ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

16

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2016.

ഫയൽ നം.21746/എച്ച്1/2013/പൊ.മ.വ. ഇനം നം: 252

വിഷയം : പൊതുമരാമത്ത് വകുപ്പ് - സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്രയ്ക്ക് സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

As for urgent action
1/9/16

SO H2 B-optup Urgently
1/9/16

## Government of Kerala
(Shri.Pinarayi Vijayan Ministry)
## Note for the Council of Ministers

| | | |
|---|---|---|
| 1. | File No. | : 21746/H1/2013/PWD |
| 2. | Department | : Public Works (H) Department |
| 3. | Subject | : Making Kerala Highway Protection Act applicable for preservation of Public Roads and smooth trafficking for pedestrians and vehicles – reg. |
| 4. | Date of Chief Minister's order for placing before the Council | : 10.08.2016 |
| 5. | (i) Does the case involve financial commitments/implications | : No |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note ? | : No |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : No |
| 7. | Name of Additional Secretary who submitted the Draft Note | : Sri.A.Shareefudeen |
| 8. | Name of Additional Chief Secretary who approved the Draft Note | : Sri.Subrata Biswas |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : 19.08.2016 |
| 10. | Name of Chief Secretary who approved the Draft Note | : Sri.S.M.Vijayanand |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : 25.08.2016 |
| 12. | Name of Minister who approved the Draft Note | : Sri.G.Sudhakaran |
| 13. | Date of approval of the Draft Note for the Council by the Minister | : 25.08.2016 |
| 14. | Date of submission of fair copies | : 27.08.2016 |
| 15. | Date of decision by the Council of Ministers | : |
| 16. | Number and date of the Government Order / letter communicating the decision | : |

# NOTE FOR THE COUNCIL OF MINISTERS

This note deals with making Kerala Highway Protection Act applicable for preservation of public roads and smooth trafficking of pedestrians and vehicles.

2) It has come to the notice of Government that there is unauthorised encroachments of roads and destruction of PWD roads without any permission or order from PWD and it causes much difficulties to both pedestrians and vehicles. Not only this, the other departments and agencies are also damaging the surface of the roads by digging the roads for laying pipelines and not restoring the roads after works, encroachment of roads, display of advertisement boards and flex boards by political parties and organizations along roads without permission blocking of the flow of water in the surface of roads by floating of drainage water to roads, stocking of construction equipments along roadside. As per the clauses 12 to 35 of Highway Protection Act, stringent action may be taken against those who are obstructing smooth travelling of pedestrians and vehicles.

3) In the instance of such damages, the concerned Executive Engineer should make a complaint to the local police station under intimation to District Collector and Police Chief. Such matters will be reviewed in the District level review meeting and the concerned police officials should take action within 7 days. Executive Engineer and police officials should take action for recovery of compensations in such cases and District Collectors and Executive Engineers will review it in every month and submit report to Secretary (PWD). Such actions should be given wide publicity through media.

4) Any breach in this regard from the part of officials will attach liability and responsibility on their part.

5) In these circumstances, for preservation of Public Roads and smooth trafficking for pedestrians and vehicles Highways and Major District Roads may be brought under Kerala Highway Protection Act.

6) Hon'ble Chief Minister has ordered to place the proposal before the Council of Ministers for approval.

## Points for Decision

1) Whether orders may be issued by declaring State Highway and Major District Roads as Highway under Section 3 of Kerala Highway Protection Act 1999 and protect them as per the Act ;
2) Whether the Executive Engineer (R&B) may be appointed as the Highway authority in the case of State Highways and Major District Roads and Executive Engineer (NH) may be appointed as the authority in the case of National Highways under Section 4 of State Highway Protection Act 1999 ;

252

# കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 21746/എച്ച്1/2013/പൊ.മ.വ |
| 2. | വകുപ്പ് | : പൊതുമരാമത്ത് (എച്ച്) വകുപ്പ് |
| 3. | വിഷയം | : സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽ നടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്രക്ക് സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് ബാധകമാക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 10.08.2016 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ ? | : അല്ല. |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ.എ.ഷെരീഫുദ്ദീൻ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.സുബ്രതാ ബിശ്വാസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 19.08.2016 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.എസ്.എം.വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 25.08.2016 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.ജി.സുധാകരൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 25.08.2016 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 27.08.2016 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കുന്നത് സംബന്ധിച്ചാണീ കുറിപ്പ്.

2. പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുവാദമോ കൂടാതെ റോഡുകളും പാതകളും കൈയ്യേറുകയും കേട്ടുപാട്ടുകൾ ഉണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതായും ഇതുമൂലം കാൽനടയാത്രക്കും, വാഹനഗതാഗതത്തിനും വളരെയേറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ മരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മറ്റു വകുപ്പുകളും, ഏജൻസികളും റോഡുകളുടെ ഉപരിതലത്തിന് കേട്ടുപാട്ടുകൾ വരുത്തുക, പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുക, ഇപ്രകാരം കുഴിച്ച റോഡുകൾ ശരിയായ രീതിയിൽ പുനർ നിർമ്മിക്കാതിരിക്കുക, റോഡുകൾ കൈയ്യേറുക, രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും അംഗീകാരമില്ലാതെ പരസ്യബോർഡുകളും, ഫ്ലക്സുകളും മറ്റും സ്ഥാപിക്കുക, റോഡിലേക്ക് മലിനജലം ഒഴുക്കി വിടുക, റോഡിലെ വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം സൃഷ്ടിക്കുക, നിർമ്മാണ സാമഗ്രികൾ റോഡുകളിൽ സ്റ്റോക്ക് ചെയ്യുക മുതലായ പ്രവൃത്തികളിലൂടെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള സുരക്ഷിതമായ ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുകയും, നടപ്പാതകൾക്ക് നാശനഷ്ടം വരുത്തിയും നടപ്പാതയിലെ സുഗമമായ കാൽനടയാത്രയ്ക്ക് തടസ്സം സൃഷ്ടിച്ചും കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നവർക്കെതിരെ Kerala Highway Protection Act -ലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം നിലവിൽ കർശനമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. മേൽ വിവരിച്ച പ്രകാരം റോഡുകൾക്കും നടപ്പാതകൾക്കും നാശനഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രസ്തുത ആക്റ്റുകളുടെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരും, പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ എടുക്കുന്ന കേസുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ജില്ലാ കളക്ടർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രതിമാസ അവലോകനം നടത്തേണ്ടതും അവലോകനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്. ഇത്തരത്തിൽ എടുക്കുന്ന നടപടികളെ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്.

4. മേൽപ്പറഞ്ഞ പ്രകാരം നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

5. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതമായ യാത്ര സാധ്യമാക്കുന്നതിനും, റോഡുകളും ഹൈവേകളും സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.

6. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും, സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ ഉത്തരവ് പുറപ്പെടുവിക്കാമോ ;
2) NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്)നേയും, സ്റ്റേറ്റ് ഹൈവേയുടെയും, പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ&ബി)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ ;